കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 നവംബർ 05 ചൊവ്വ

# നവംബർ മാസത്തെ റേഷൻ സാധനങ്ങൾ

ആലപ്പുഴ: എ.എ.വൈ വിഭാഗത്തിൽപ്പെട്ടവർക്ക് കാർഡിന് 30 കിലോഗ്രാം അരിയും അഞ്ച് കിലോഗ്രാം ഗോതമ്പും സൗജന്യമായും ഒരു കിലോഗ്രാം പഞ്ചസാര 21 രൂപ നിരക്കിലും ലഭിക്കും. മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുകളിലെ ഓരോ അംഗത്തിനും നാലു കിലോഗ്രാം അരിയും ഒരു കിലോഗ്രാം ഗോതമ്പും കിലോഗ്രാമിന് രണ്ടുരൂപ നിരക്കിൽ ലഭിക്കും. പൊതുവിഭാഗം സബ്സിഡി വിഭാഗത്തിൽപ്പെട്ടവർക്ക് കിലോഗ്രാമിന് നാലു രൂപ നിരക്കിൽ ഓരോ അംഗത്തിനും രണ്ടു കിലോഗ്രാം അരിയും കാർഡൊന്നിന് കിലോയ്ക്ക് 17 രൂപ നിരക്കിൽ മൂന്നു കിലോഗ്രാം ആട്ടയും ലഭിക്കും. പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് മൂന്നു കിലോഗ്രാം അരി കിലോയ്ക്ക് 10.90 രൂപ നിരക്കിലും, കിലോയ്ക്ക് 17 രൂപ നിരക്കിൽ മൂന്നു കിലോഗ്രാം ആട്ടയും ലഭിക്കും. വൈദ്യുതീകരിച്ച വീടുള്ള കാർഡുകൾക്ക് അര ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് നാലുലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 38 രൂപ നിരക്കിൽ ലഭിക്കും. ഇതു സംബന്ധിച്ച് പൊതുജനങ്ങൾക്ക് എന്തെങ്കിലും സംശയവും പരാതികളും ഉണ്ടെങ്കിൽ താഴെപ്പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാം. താലൂക്ക് സപ്ലൈ ഓഫീസ്, ചേർത്തല 0478-2823058, അമ്പലപ്പുഴ 0477-2252547, കുട്ടനാട് 0477-2702352, കാർത്തികപ്പള്ളി 0479-2412751, മാവേലിക്കര 0479-2303231, ചെങ്ങന്നൂർ 0479-2452276, ജില്ല സപ്ലൈ ഓഫീസ്, ആലപ്പുഴ: 0477-2251674.

# ഉദ്യോഗസ്ഥർക്കായി കൈയ്യെഴുത്ത്, കേട്ടെഴുത്ത് മത്സരങ്ങൾ ഇന്ന്

ആലപ്പുഴ: ഭരണഭാഷ വാരാഘോഷത്തിന്റെ ഭാഗമായി പൊതുജന സമ്പർക്ക വകുപ്പും ജില്ല ഭരണകൂടവും ജില്ലയിലെ സർക്കാർ ഉദ്യോഗസ്ഥർക്കും അധ്യാപകർക്കുമായി ഇന്ന് (നവംബർ ആറിന്) വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഇംഗ്ലീഷ്- മലയാളം തർജ്ജമ മൽസരം, കേട്ടെഴുത്ത്, കയ്യെഴുത്ത് മത്സരം തുടങ്ങിയ ഭാഷ പരിചയ പരീക്ഷകളാണ് നടത്തുന്നത്. ജില്ല പഞ്ചായത്ത് ഹാളിൽ ഉച്ചകഴിഞ്ഞ് രണ്ടു മണിക്കാണ് മത്സരം. ആദ്യ മൂന്ന് സ്ഥാനങ്ങളിൽ എത്തുന്നവർക്ക് ജില്ല ഇൻഫർമേഷൻ ഓഫീസ്

നൽകുന്ന 1001, 751, 501 രൂപ വീതം വിലയുള്ള പുസ്തകങ്ങൾക്കു പുറമെ സാക്ഷ്യപത്രവും ലഭിക്കും. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ മത്സര ദിവസം നേരിട്ട് സമയത്ത് എത്തണം. വിശദവിവരത്തിന് ഫോൺ: 0477-2251349.

# ജീവനക്കാർക്കായി മലയാളം കംപ്യൂട്ടിങ്ങിൽ ശിൽപ്പശാല ഇന്ന്

ആലപ്പുഴ: ഭരണഭാഷ വാരാചരണത്തിന്റെ ഭാഗമായി പൊതുജന സമ്പർക്ക വകുപ്പും ജില്ല ഭരണകൂടവും നാഷണൽ ഇൻഫർമാറ്റിക്സ് സെൻർ ആലപ്പുഴ ഘടകവും ജില്ലയിലെ സർക്കാർ ഉദ്യോഗസ്ഥർക്കായി ഭരണഭാഷയും മലയാളം കംപ്യൂട്ടിങ്ങും എന്ന വിഷയത്തിൽ ശിൽപ്പശാല സംഘടിപ്പിക്കുന്നു. ഇന്ന് (നവംബർ ആറിന്) രാവിലെ 10ന് ജില്ല പഞ്ചായത്ത് ഹാളിൽ നടക്കുന്ന ശിൽപ്പശാല ജില്ല കളക്ടർ ഡോ. അദീല അബ്ദുള്ള ഉദ്ഘാടനം ചെയ്യും. സ്വതന്ത്ര മലയാളം കംപ്യൂട്ടിങ് വോളന്റിയർ ഷാഹുൽ ഹമീദ് ക്ലാസ് എടുക്കും. ജില്ല ഇൻഫർമാറ്റിക്സ് ഓഫീസർ പി. പാർവതീ ദേവി ആമുഖ പ്രഭാഷണം നടത്തും. ഒരു ഓഫീസിൽ നിന്ന് രണ്ട് പേർക്ക് പങ്കെടുക്കാം.

# ജീവനക്കാർക്കായി ഭാഷ പ്രശ്നോത്തരി മത്സരം നാളെ

ആലപ്പുഴ: ഭരണഭാഷ വാരാഘോഷത്തിന്റെ ഭാഗമായി ജില്ല ട്രഷറിയുടെ ആഭിമുഖ്യത്തിൽ പൊതുജനസമ്പർക്ക വകുപ്പിന്റെ സഹകരണത്തോടെ ജില്ലയിലെ സർക്കാർ ഉദ്യോഗസ്ഥർക്കും അധ്യാപകർക്കുമായി സംഘടിപ്പിക്കുന്ന ഭാഷ പ്രശ്നോത്തരി മത്സരം നവംബർ ഏഴിന് ഉച്ചകഴിഞ്ഞ് മൂന്നിന് സിവിൽ സ്റ്റേഷനിലെ ദേശീയ സമ്പാദ്യ പദ്ധതി ഹാളിൽ നടക്കും. രണ്ട് പേർ അടങ്ങുന്ന സംഘമായാണ് മത്സരം. വിജയിക്കുന്നവർക്ക് എവർ റോളിംഗ് ട്രോഫിയും ഒന്ന് മുതൽ മൂന്ന് വരെ സ്ഥാനക്കാർക്ക് യഥാക്രമം 2000, 1500, 1000 രൂപ വിലവരുന്ന പുസ്തങ്ങളും സാക്ഷ്യപത്രവും സമ്മാനമായി ലഭിക്കും. വിശദവിവരത്തിന് ഫോൺ: 9895893570

# കെ.എ.എസ്: സൗജന്യ പരീക്ഷ പരിശീലനം

ആലപ്പുഴ: ആലുവ ഗവ. പ്രീ എക്സാമിനേഷൻ ട്രയിനിങ് സെന്ററിൽ ആലപ്പുഴ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലുള്ള പട്ടികജാതി/പട്ടികവർഗ വിദ്യാർഥികൾക്ക് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ്(കെ.എ.എസ്) പരീക്ഷാ പരിശീലന ക്ലാസുകൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നു. അപേക്ഷകൾ നവംബർ 16നകം നൽകണം. പ്രവർത്തിദിനങ്ങളിൽ 10 മുതൽ 3.30 വരെ അപേക്ഷ സ്വീകരിക്കും. ഒരു ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള പിന്നാക്ക സമുദായക്കാർക്ക് 30 ശതമാനം സീറ്റ് അനുവദിക്കും. ഫോൺ: 0484 2623304.

# മുതിർന്ന പൗരന്മാരുടെ സംരക്ഷണം: ബോധവൽക്കരണം 20ന്

ആലപ്പുഴ: മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 സംബന്ധിച്ച് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായുള്ള ബോധവൽക്കരണ പരിപാടി നവംബർ 20ന് രാവിലെ 10ന് ആലപ്പുഴ ജനറൽ ആശുപത്രി അങ്കണത്തിലുള്ള എൻ.എച്ച്.എം ട്രെയിനിങ് ഹാളിൽ നടക്കും.

# ജയിൽ വാർഡർ അറ്റന്റന്റ്: ശാരീരിക അളവെടുപ്പ് 11ന്

ആലപ്പുഴ: ജില്ലയിൽ ജയിൽ വകുപ്പ് വാർഡർ അറ്റന്റന്റ് (കാറ്റഗറി നമ്പർ 494/17 ഫസ്റ്റ് എൻ.സി.എ എസ്.സി) തസ്തികയുമായി ബന്ധപ്പെട്ട 32 ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവെടുപ്പ് നവംബർ 11ന് രാവിലെ 10മണി മുതൽ ജില്ല പി.എസ്.സി. ഓഫീസിൽ നടക്കും. ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ്., ഒ.റ്റി.ആർ. പ്രൊഫൈൽ എന്നിവ മുഖേന അറിയിപ്പ് നൽകിയിട്ടുണ്ട്. സ്വന്തം പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത അഡ്മിഷൻ ടിക്കറ്റ്, തിരിച്ചറിയൽ കാർഡ് സഹിതം കൃത്യ സമയത്ത് എത്തണം. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കാത്ത ഉദ്യോഗാർത്ഥികൾ ജില്ല പി.എസ്.സി. ഓഫീസുമായി ബന്ധപ്പെടണം. നിശ്ചിത സമയത്തും തീയതിയിലും എത്താത്തവർക്ക് പിന്നീട് അവസരം ലഭിക്കില്ല. വിശദവിവരത്തിന് ഫോൺ: 0477 2264134

# റവന്യൂ ജില്ല കലോത്സവം: സ്വാഗതസംഘം നാളെ

ആലപ്പുഴ: ഈ വർഷത്തെ റവന്യൂ ജില്ല കലോത്സവം ഹരിപ്പാട് നടത്തും. മേളയുടെ നടത്തിപ്പിനെക്കുറിച്ച് ആലോചിക്കുന്നതും സ്വാഗതസംഘം രൂപീകരിക്കുന്നതിനുമായി നാളെ (നവംബർ ഏഴ്) ഉച്ചയ്ക്ക് ശേഷം രണ്ട് മണിക്ക് ഹരിപ്പാട് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ ഹാളിൽ യോഗം ചേരും.

# ഗദ്ദിക: സംഘാടക സമതിയോഗം എട്ടിന്

ആലപ്പുഴ: പട്ടികജാതി പട്ടികവർഗ വികസ വകുപ്പ് ഗദ്ദിക എന്ന പേരിൽ സാംസ്കാരിക-ഉൽപ്പന്ന പ്രദർശന വിപണന മേള ഡിസംബറിൽ നടത്തും. വിവിധ വകുപ്പ് മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ, മറ്റ് രാഷ്ട്രിയ- സാംസ്കാരിക പ്രമുഖർ പരിപാടിയിൽ പങ്കെടുക്കും. പരിപാടിയുടെ സംഘാടനക സമിതി രൂപീകരണയോഗം നവംബർ എട്ടിന് വൈകിട്ട് നാല് മണിക്ക് ആർ. രാജേഷ് എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ മാവേലിക്കര മുൻസിപ്പൽ കൗൺസിൽ കോൺഫറൻസ് ഹാളിൽ ചേരും.

# അസാപ് സ്കിൽ മിത്ര- 2019: നവംബർ 9ന്

ആലപ്പുഴ: സംസ്ഥാന സർക്കാരിന്റെ നൈപുണ്യ പരിശീലന പദ്ധതിയായ അസാപ് വളവനാട് ക്ഷേത്ര മൈതാനിയിൽ 'സ്കിൽ മിത്ര' എക്സ്പോ നടത്തുന്നു. നവംബർ ഒമ്പതിന് രാവിലെ 9മണി മുതൽ വൈകിട്ട് അഞ്ചു വരെയാണ് മൊബിലൈസേഷൻ നടത്തുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേർണിംഗ്, ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്, ബ്ലോക്ക് ചെയിൻ, ഡാറ്റ സയൻസ്, ബിസിനസ് അനലിറ്റിക്സ്, സൈബർ സെക്യൂരിറ്റി, ഇലക്ട്രോണിക്സ് മാനുഫാക്ച്ചറിങ്, മൾട്ടീമീഡിയ ലേഔട്ട് ഡിസൈനിങ്, അക്കാഡമിക് പ്രൊജക്റ്റ് ഗൈഡൻസ്, ബ്രൈഡൽ ഫാഷൻ ഫോട്ടോ ഗ്രാഫിക് മേക്കപ്പ് ആർട്ടിസ്റ്റ്, ആർറ്റിസണൽ ബേക്കിംഗ്, ഫാഷൻ ടെക്നോളജി, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനങ്ങ് തുടങ്ങിയ അന്തർദേശീയ- ദേശീയ തലത്തിൽ അംഗീകാരമുള്ള കോഴ്സുകളിൽ ചേരാൻ സ്കിൽ എക്സ്പോയിലൂടെ അവസരമുണ്ട്.

മൊബിലൈസേഷന്റെ ഭാഗമായി ജില്ലയിലുടനീളം റോഡ് ഷോ നടത്തുന്ന പ്രചാരണ വാഹനത്തിന്റെ ഫ്ളാഗ് ഓഫ് ജില്ല കളകർ ഡോ. അദീല അബ്ദുള്ള നിർവ്വഹിച്ചു. ജില്ല പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷൻ കെ.റ്റി. മാത്യു, അസാപ് പ്രതിനിധികളായ ശന്തനു പ്രദീപ്, വർഗ്ഗീസ് ജോർജ്ജ്, ദീപ്തി, രേഷ്മ രാജ് എന്നിവർ പങ്കെടുത്തു.

അസാപ്പിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ട്രാൻസിറ്റ് ക്യാമ്പസ്സിലും ഓൺലൈനായും ചെയ്യാവുന്ന കോഴ്സുകളുമാണ് ഇതിന്റെ സവിശേഷതകൾ. എഞ്ചിനീയറിംഗ്, ഐ.ടി.ഐ, ഡിപ്ലോമ, ബി.എസ്.ഇ/ എം.എസ്.ഇ, ഡിഗ്രി, ബി.ബി.എ/എം.ബി.എ, ബി.കോം/എം.കോം, പ്ലസ് ടു, പത്താം ക്ലാസ്- പാസ്/ഫെയിൽ തുടങ്ങി വ്യത്യസ്ത വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് കോഴ്സുകളിൽ ചേരാം. പതിനഞ്ച് വയസ് മുതൽ പ്രായമുള്ളവർക്ക് മൊബിലൈസേഷനിൽ പങ്കെടുക്കാം. ജോലിയിലുള്ളവർക്കു മുന്നേറുവാനും തൊഴിലന്വേഷകർക്ക് തൊഴിൽ ലഭിക്കുവാനും സഹായകമാകുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ പരിചയപെടുവാനും ഇതിലൂടി അവസരമുണ്ട്. ഐ.ബി.എം, കെയിൻസ് ടെക്നോളോജിസ്, ടൂൺസ് അക്കാദമി, സിക്രോ സെർവ്, ഫാറ്റീസ് തുടങ്ങിയ വ്യവസായ മേഖലയിലെ പ്രമുഖ സ്ഥാപനങ്ങളുമായി ചേർന്നാണ് മൊബിലൈസേഷൻ നടത്തുന്നത്. പ്രവേശനം സൗജന്യം. വിഷദവിവരത്തിന് ഫോൺ: 9495999643, 94959 99647, 9495999642

# കരാർ അടിസ്ഥാനത്തിൽ നിയമനം

ആലപ്പുഴ: ജില്ലയിൽ ഇ- ഡിസ്ട്രിക്ട്, ഇ-ഓഫീസ് എന്നീ പ്രൊജക്ടുകളിൽ കരാർ അടിസ്ഥാനത്തിൽ നിലവിലുള്ള ഒഴിവുകളിലേക്ക് കമ്പ്യൂട്ടർ അനുബന്ധ വിഷയങ്ങളിൽ ബിരുദ- ഡിപ്ലോമ (ബി.ടെക്/ കംപ്യൂട്ടർ സയൻസിൽ ഡിപ്ലോമ/ ഐ.റ്റി.) യോഗ്യതയും പ്രവൃത്തിപരിചയമുള്ള ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. 21,000രൂപ പ്രതിമാസ വേതനം ലഭിക്കും. താൽപര്യമുള്ള ഉദ്യോഗാർഥികൾ dpmalp.ksitm@kerala.gov.in എന്ന മെയിലിലേക്ക് ബയോഡാറ്റ നവംബർ 11നകം അയക്കണം. കൂടതൽ വിവരങ്ങൾ www.alappuzha.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

# ഫെസിലിറ്റേറ്റർ തസ്തിക: ഇന്റർവ്യൂ എട്ടിന്

ആലപ്പുഴ: ഫിഷറീസ് വകുപ്പിന്റെ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ വഴി നടപ്പാക്കുന്ന ത്രീ ആർ പൈലറ്റ് പദ്ധതിയുടെ ഫെസിലിറ്റേറ്റർ തസ്തികയിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിൽ ഇന്റർവ്യൂവിന് ഹാജരാകാൻ യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ ലിസ്റ്റ് ജില്ല സാഫ് നോഡൽ ഓഫീസിലും www.safkerala.org എന്ന വെബ്സൈറ്റിലും ലഭിക്കും. ഇന്റർവ്യൂ നവംബർ എട്ടിന് രാവിലെ 10.30ന് സിവിൽ സ്റ്റേഷൻ അനക്സിലുള്ള ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നടക്കും. ലിസ്റ്റിൽ ഉള്ളവർ അന്നേ ദിവസം രാവിലെ ഒമ്പതിന് വയസ്, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തന പരിചയം എന്നിവയുടെ അസൽ സർട്ടിഫിക്കറ്റുകളുമായി എത്തണം.

# ഗവ. പ്ലീഡർ ആന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: ജില്ല ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ തസ്തികയിലേക്ക് നിയമവകുപ്പ് പാനൽ ക്ഷണിച്ചു. ഏഴ് വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയമുള്ള അഭിഭാഷകർക്ക് അപേക്ഷിക്കാം. വിലാസം, ജനനതിയതി, എൻ റോൾമെന്റ് തിയതി, ജാതി/മതം, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളും കൈകാര്യം ചെയ്ത മൂന്നോ നാലോ സെഷൻസ് കേസുകളുടെ നടത്തിപ്പും ക്രിമിനൽ കേസുകൾ നടത്തിയുള്ള പരിചയവും സംബന്ധിച്ച രേഖകൾ സഹിതം നവംബർ 15ന് വൈകിട്ട് അഞ്ചിന് മുൻപായി അപേക്ഷിക്കണം. വിശദവിവരത്തിന് ഫോൺ: 0477 2251676, 2252580

# ടെൻഡർ ക്ഷണിച്ചു

ആലപ്പുഴ: ജനറൽ ആശുപത്രി ആലപ്പുഴയിലെ ഇൻഷുറൻസ് പദ്ധതി പ്രകാരം സർജറിക്ക് വിധേയമാകുന്ന രോഗികൾക്ക് സർജിക്കൽ ഇംപ്ലാന്റ്സ് വിതരണം ചെയ്യുന്നതിന് താൽപര്യമുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ നിന്നും മുദ്രവെച്ച ടെൻഡർ ക്ഷണിച്ചു. നവംബർ 19ന് ഉച്ചക്ക് 1മണി വരെ ടെൻഡർ ഫോം വിതരണം ചെയ്യും. നവംബർ 20ന് ഉച്ചയ്ക്ക് 12മണി വരെ ടെൻഡർ സ്വീകരിക്കും. വിശദവിവരത്തിന് ഫോൺ: 0477 2253324.